## പുല്ലൂറ്റ് കെ കെ ടി എം ഗവൺമെൻറ് കോളേജിൽ പി.ടി.എ.യുടെ ആഭിമുഖ്യത്തിൽ നടന്ന മെറിറ്റ് ഡേയുടെ റിപ്പോർട്ട്

പ്രിൻസിപ്പാൾ ഡോക്ടർ നെസി ഇ. എ. യുടെ അധ്യക്ഷതയിൽ പുല്ലൂറ്റ്, കെ കെ ടി.എം. ഗവൺമെൻറ് കോളേജിൽ വെച്ച് പി.ടി.എ.യുടെ ആഭിമുഖ്യത്തിൽ നടന്ന മെറിറ്റ് ഡേ മുനിസിപ്പൽ ചെയർപേഴ്സൺ എം. യു. ഷിനിജ ഉദ്ഘാടനം ചെയ്തു 2018 -19, 2019- 20 അധ്യയനവർഷത്തെ വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും പാഠ്യ- പാഠ്യാനുബന്ധ പ്രവർത്തനങ്ങളിലെ അക്കാദമിക മികവുകളാണ് അനുമോദിക്കപ്പെട്ടത്. അധ്യാപകരുടെയും ബന്ധുക്കളുടെയും പ്രമുഖവ്യക്തികളുടെയും പേരിലുള്ള വിവിധ ക്യാഷ് അവാർഡുകളും സർട്ടിഫിക്കറ്റുകളും ഉപഹാരങ്ങളും മുൻപ്രിൻസിപ്പാൾ ഡോ.അനിത ഐ., മുൻ സാമ്പത്തികശാസ്ത്ര വിഭാഗം അധ്യക്ഷൻ ഡോക്ടർ എം.എ. ഉല്ലാസ് എന്നിവർ വിതരണം ചെയ്തു.










ചടങ്ങിന് പി.ടി.എ. വൈസ് പ്രസിഡന്റ് ടി.എ.നൗഷാദ് സ്വാഗതവും കൊടുങ്ങല്ലൂർ മുനിസിപ്പൽ കൗൺസിൽ അംഗങ്ങളായ വിനയചന്ദ്രൻ. സി.നന്ദകുമാർ, സീനിയർ ഫാക്കൽറ്റി ഡോ. ജി. ഉഷാകുമാരി എന്നിവർ ആശംസകളും അർപ്പിച്ചു.ഡോ.രശ്മി നന്ദി രേഖപ്പെടുത്തി.

# പുല്ലൂറ്റ് കെ.കെ.ടി,എം. ഗവൺമെൻറ് കോളേജ് പി.ടി.എ., വിശിഷ്ട സേവനത്തിൽനിന്നും വിരമിച്ചവരെ ആദരിച്ചു

പി.ടി.എ.യുടെ ആഭിമുഖ്യത്തിൽ കെ.കെ.ടി.എം. ഗവൺമെൻറ് കോളേജിൽ നിന്നും വിരമിച്ച മുൻ പ്രിൻസിപ്പാൾ ഡോക്ടർ അനിത ഐ., മുൻ സാമ്പത്തികശാസ്ത്രം അധ്യക്ഷൻ എം.എ. ഉല്ലാസ്., ഓഫീസ് ക്ലർക്ക് സി.ഡി. തോമസ് എന്നിവരെ ആദരിച്ചു. കൊടുങ്ങല്ലൂർ മുനിസിപ്പൽ ചെയർപേഴ്സൺ എം.യു. ഷിനിജ ഉദ്ഘാടനം ചെയ്ത പരിപാടിയിൽ പ്രിൻസിപ്പാൾ ഡോ. ഇ.എ. നെസ്സി അധ്യക്ഷതവഹിച്ചു. പി.ടി.എ. വൈസ് പ്രസിഡണ്ട് ടി.എ.നൗഷാദ് സ്വാഗതം ആശംസിച്ചു. കൊടുങ്ങല്ലൂർ മുൻസിപ്പൽ കൗൺസിലർ വിനയചന്ദ്രൻ, ഓഫീസ് സൂപ്രണ്ട് ടി.എ. സാദിഖലി എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. സരിത ടീച്ചർ നന്ദി രേഖപ്പെടുത്തി.



